# ചാച്ചാ നെഹ്റു

■ സമ്പാ: ധന്യ എം.ബി

പണ്ട് പണ്ട് മൈതാനത്തിൽ കുറെ കുട്ടികൾ പന്തുകളിച്ചുകൊണ്ടിരിക്കുകയായിരുന്നു. മൈതാനത്തിന്റെ സമീപത്തായി ഒരു വലിയ മരം നിന്നിരുന്നു. മരത്തിൽ വലിയ ഒരു പോടുണ്ടായിരുന്നു

പന്തുകളിക്കുന്നതിനിടെ ആരോ അടിച്ച പന്ത് തെറിച്ച് മരത്തിലെ പോടിൽ വീണു.

''ഇനി എന്തു ചെയ്യും?'' കുട്ടികൾക്ക് സങ്കടമായി. അവർ മരത്തിനു സമീപം കൂടി നിന്നു.

ചിലർ പോടിൽ കൈയിട്ടു നോക്കി. രക്ഷയില്ല. നല്ല ആഴമുള്ള പോടാണ്.

പന്ത് നഷ്ടപ്പെട്ടതുതന്നെ. കുട്ടികൾ സങ്കടപ്പെട്ടു.

പെട്ടെന്ന് ഒരു മുതിർന്ന കുട്ടി അവരുടെ സമീപത്തേക്കു വന്നു.

''എന്താണ് പ്രശ്നം?'' അവൻ തിരക്കി.

''കളിക്കിടയിൽ പന്ത് പോടിൽ വീണു എടുക്കാൻ പറ്റുന്നില്ല.'' കുട്ടികൾ പറഞ്ഞു.

''സാരമില്ല, ഞാൻ എടുത്തുതരാം.'' അവൻ പറഞ്ഞു.

''ആരെങ്കിലും കുറച്ച് വെള്ളം കൊണ്ടുവരുമോ?'' അവൻ ചോദിച്ചു.

രണ്ടു കുട്ടികൾ ഓടിപ്പോയി സമീപത്തുള്ള ജലാശയത്തിൽനിന്നും ഒരു കുടം വെള്ളം കൊണ്ടുവന്നു. മുതിർന്ന കുട്ടി അതു വാങ്ങി മരത്തിന്റെ പോടിലേക്കൊഴിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ പന്ത് പോട്ടിലെ വെള്ളത്തിൽ പൊന്തി വന്നു. ''പന്തു കിട്ടി! പന്തു കിട്ടി'' കുട്ടികൾ സന്തോഷത്തോടെ ആർത്തുവിളിച്ചു. അവർ മുതിർന്ന കുട്ടിക്ക് നന്ദി പറഞ്ഞു.

കൂട്ടുകാരേ, കുട്ടികളുടെ പന്തെടുത്തു കൊടുത്ത ബുദ്ധിമാനായ ആ മുതിർന്ന കുട്ടിയാണ് പിൽക്കാലത്ത് ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിത്തീർന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. കുട്ടികളെയും പൂക്കളെയും അതിരറ്റ് സ്നേഹിച്ച അദ്ദേഹത്തെ കുട്ടികൾ ചാച്ചാജി എന്നു വിളിച്ചു. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 ശിശുദിനമായി രാജ്യമെങ്ങും ആഘോഷിക്കുന്നു.



ചൈനീസ് വൈറ്റ് എന്നറിയപ്പെടുന്ന രാസവസ്തു – സിങ്ക് ഓക്സൈഡ്